

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS





MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024 ഓഗസ്റ്റ് 15


**പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം/ഇന്ത്യൻ സ്വതന്ത്ര്യദിനം**



# വിശ്വാസത്തിന്റെ സ്വാതന്ത്ര്യം

**പുറ 15:11–18; ശ്ലീഹ 1:6–14; റോമ 16:17–27;**
**യോഹ 2:1–12 + മത്താ 12:46–50 + 13:53–57 + ലൂക്കാ 11:27–28**

ഒരപ്പനോട് കുഞ്ഞുമകൾക്ക് ഉള്ള സ്വാതന്ത്ര്യം അതിരില്ലാത്തതാണ്. എന്തും പറയാം, എന്തും ചെയ്യാം, ഏത് സമയത്തും ഓടിച്ചെല്ലാം. ഇതാണ് അതിരില്ലാത്ത സ്വാതന്ത്ര്യം, അതിന്റെ അടിസ്ഥാനം രണ്ടു വാക്കുകളാണ് - വിശ്വാസം, സ്നേഹം. അതിൽ നിബന്ധനകളില്ല. ഈ രണ്ടു വാക്കിൽ കുറവ് സംഭവിച്ചാൽ ആ സ്വാതന്ത്ര്യത്തിന്റെ മധുരം കുറഞ്ഞ് തുടങ്ങും. പരസ്പരം ഭയം തീരെ ഇല്ലാത്ത ആ ബന്ധത്തിനെ മനസ്സിലാക്കാൻ കഴിഞ്ഞാൽ എന്തുകൊണ്ടാണ് കന്യകയായ മറിയം ദൈവത്തിന് പ്രിയപ്പെട്ടവളായത് എന്ന് മനസ്സിലാകും.

### സാന്നിദ്ധ്യത്തിന്റെ സ്വാതന്ത്ര്യം

ഈ സുവിശേഷ ഭാഗം വായിക്കുമ്പോൾ ഒരു പ്രത്യേകത ശ്രദ്ധിക്കാം. മറിയം ആ വീട്ടിൽ ആദ്യമേ ഉണ്ടായിരുന്നു. യേശുവും ശിഷ്യരും ആണ് ക്ഷണിക്കപ്പെട്ടവർ. അതായത് ആ വീട്ടുകാരുടെ ജീവിതത്തിന്റെ ഭാഗമാണ് പരിശുദ്ധ അമ്മ.

നമ്മൾ പ്രാർത്ഥിക്കാറുണ്ട്, 'ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ'. ഏത് സമയത്തും അമ്മ നമ്മുടെ കൂടെ ഉണ്ടാകണം. നമ്മുടെ വീട്ടിലെ അമ്മയെ പോലെ ആ അമ്മയ്ക്ക് എല്ലാം മുൻകൂട്ടി കാണാൻ, അറിയാൻ കഴിയും, അതാണ് 'അമ്മ'യുടെ പ്രത്യേക കഴിവ്.

'നിനക്ക് പനിയുടെ ലക്ഷണം ഉണ്ടല്ലോ' എന്ന് അമ്മ പറയുമ്പോഴാണ് നാം എപ്പോഴും അറിയുന്നത് നമുക്ക് പനി വരുന്നുവെന്ന്. അത്ര മാത്രം താല്പര്യവും നമ്മിൽ ഉള്ള ഒരു അമ്മയുടെ സാന്നിധ്യമാണ് ആ വിവാഹ വിരുന്നിൽ ഇനിയും വിളമ്പാൻ മാത്രം അവിടെ വീഞ്ഞില്ല എന്ന് മുൻകൂട്ടി അറിയുവാൻ ഇടയാക്കിയത്. നമ്മുടെ ജീവിതത്തിൽ ആപത്തുകളും അപകടങ്ങളും ഉണ്ടാകുമ്പോൾ മാത്രം ഓടിച്ചെന്ന് നില വിളിച്ച്




**അഡ്വ. ലിറ്റോ പാലത്തിങ്കൽ**

പ്രാർത്ഥിക്കേണ്ട ഒരു അവസ്ഥ നമ്മൾ ഉണ്ടാക്കരുത്.

'ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷി ക്കണമേ'. ഏതുസമയത്തും അമ്മ നമ്മുടെ കൂടെ ഉണ്ടാവണം. ആത്മാ വിനെ നഷ്ടപ്പെടുന്നതാണ് മരണം. ജീവിതത്തിലെ വീഴ്ചകൾ മൂലം പലപ്പോഴും നാം ജീവിച്ചിരിക്കുമ്പോൾ തന്നെ ആത്മാവിനെ നഷ്ടപ്പെടു ത്താറുണ്ട്. അപ്പോഴാണ് നമ്മുടെ അടുത്ത് അമ്മയുടെ സാന്നിധ്യം നമുക്ക് ഉപകാരപ്പെടുക. വഴി തെറ്റും മുമ്പ് മുൻകൂട്ടി നമ്മെ ജാഗ്രതപ്പെ ടുത്തുന്ന അമ്മ. വീഴാതെ നടക്കുവാൻ വഴിയിലെ കല്ലുകളെ മുൻകൂട്ടി കാണിച്ചു തരുന്ന അമ്മ. അങ്ങിനെ ഒരമ്മ നമ്മുടെ കൂടെ ഉണ്ടെങ്കിൽ എത്രമാത്രം സ്വാതന്ത്ര്യത്തോടെയും നമുക്ക് ഓടി നടക്കാം. അമ്മയുടെ കണ്ണുകൾ നമ്മുടെ കാലുകൾ നടക്കുന്ന വഴികളിൽ, മനസ്സിൽ ഉണർന്നു വരുന്ന ചിന്തകളിൽ ഉണ്ടാകും.



## ഇന്ന് സ്വാതന്ത്ര്യദിനം

എന്റെ ചിന്തകൾക്ക്, പ്രവർത്തികൾക്ക് ആരെങ്കിലും തടസ്സം പറയുമ്പോൾ അത് എന്റെ സ്വാതന്ത്ര്യത്തിനെ നിയന്ത്രിക്കലാണ്. ഓഗസ്റ്റ് 15 ഇന്ത്യയ്ക്ക് പ്രധാനപ്പെട്ടതാകുന്നത് നൂറ്റണ്ടാ റുകളായി നമ്മൾ അനു ഭവിച്ച കഷ്ടതക്ക് അവസാനമായത് എത്ര ത്യാഗങ്ങളിലൂടെയാണ് എന്ന തിലാണ്. ലോകചരിത്രത്തിലെ തന്നെ ഏറ്റവും മനോഹരമായ മാതൃകാ പരമായ സ്വാതന്ത്ര്യസമരമാണ് നമ്മുടേത്. സ്വയം നിയന്ത്രണത്തിലൂടെ അഹിംസ എന്ന ശക്തമായ ഒരായുധം മൂർച്ചകൂട്ടി ഉപയോഗിക്കാൻ നമ്മുടെ പൂർവികർക്ക് കഴിഞ്ഞു. ഏത് പ്രശ്നത്തെയും വികാരപരമായും അക്രമ ത്തിലൂടെയും തിന്മ കൊണ്ട് നേരിടുക എളുപ്പമാണ്. നന്മയും ശുദ്ധിയും സഹനവും ത്യാഗവും അത്ര എളുപ്പമുള്ള പാതയല്ല. ഇതാണ് ക്രിസ്തീയ മാർഗ്ഗം. ഭയമില്ലാത്ത സ്വാതന്ത്ര്യം. പ്രതീക്ഷയുള്ള സ്വാതന്ത്ര്യം. ഭയത്തെ ഒഴിവാക്കി ആ സ്ഥാനത്ത് പ്രതീക്ഷ ഉണ്ട ാകുമ്പോഴാണ് സ്വാതന്ത്ര്യം രുചിയുള്ളതായി മാറുക. തോമസ് അക്വിനാസ് പറയുന്നു: "ശരിയായ സ്വാതന്ത്ര്യം ഇഷ്ടമുള്ള നന്മയെ സ്വീകരിക്കാൻ ഉള്ള സ്വാതന്ത്ര്യമായിരി ക്കണം. അത് യുക്തിഭദ്രമായിരിക്ക ണം." ആ സ്വാതന്ത്ര്യമാണ് യേശു വാഗ്ദാനം ചെയ്യുന്നത്. പൗലോസ് ഗലാ ത്തിയക്കാർക്ക് എഴുതുന്നു, (5:1) യേശു നമ്മളെ സ്വതന്ത്രരാക്കി. മാർട്ടിൻ ലൂഥർ പറയുന്നു, 'യേശു നമ്മളെ ഒരേസമയം പൂർണ്ണമായും സ്വതന്ത്രരാക്കുകയും അതേസമയം അയൽക്കാരനോട് സ്നേഹത്തിലും കരുതലിലും ബന്ധിക്കുകയും ചെയ്തു.' അതാണ് മനുഷ്യത്വം.

## സ്വാതന്ത്ര്യത്തിന്റെ പൂർണ്ണത

മരണമാണ് എല്ലാറ്റിന്റെയും അവസാനം എന്ന സാധാരണ ചിന്തയിൽ നിന്ന് മരണം എന്നത് ദൈവവുമായുള്ള സമാഗമം ആണ് എന്ന് ക്രിസ്തീയ കാഴ്ചപ്പാട് നമുക്ക് ആശ്വാസം നൽകുന്നു. അതു കൊ ണ്ടുതന്നെ ശരീരം അപ്രസക്തമാണ്. പരിശുദ്ധ അമ്മ സ്വർഗ്ഗത്തി ലേക്ക് ഉടലോടെ എടുക്കപ്പെട്ടു എന്ന് നാം വിശ്വസിക്കുന്നു. അത്ര മാത്രം വിശുദ്ധി മനസ്സിലും ശരീരത്തിലും ആത്മാവിലും ആദ്യം മുതൽ അന്ത്യം വരെ നിലനിർത്തുവാൻ സാധിച്ചാൽ ഈ ഭൂമിയിലെ ലൗകിക താൽ പര്യങ്ങളോട് ബന്ധിപ്പിക്കാൻ പിന്നെ ഒന്നും ഉ ണ്ടാകില്ല. അതാണ് സ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യം നമ്മുടെ ജീവിതത്തിലും സാധ്യമാകട്ടെ. എല്ലാ കെട്ടുകളിൽ നിന്നും തടസ്സങ്ങളിൽ നിന്നും ഈശോ നമ്മെ വിമോചിപ്പിക്കട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com